# ഖുർആനിലെ ഭൗതിക ദൃഷ്ടാന്തങ്ങൾ




''രണ്ടു കടലുകളെ തമ്മിൽ കൂടിച്ചേരത്തക്ക വിധം അവൻ അയച്ചുവിട്ടിരിക്കുന്നു. അവ രണ്ടിനുമിടയിൽ അവ അന്യോന്യം അതിക്രമിച്ചുകടക്കാതിരിക്കത്തക്ക വിധം ഒരു മാർഗ തടസ്സമുണ്ട്.''

(ഖുർആൻ: 55: 19,20)

## കൂടിച്ചേരാത്ത സമുദ്രം

നദികൾ സമുദ്രവുമായി ചേരുന്ന ഭാഗങ്ങളിലും സമുദ്രത്തിന്റെ തന്നെ ചില ഭാഗങ്ങളിലും ഉപ്പുരസവുമായി കൂടിക്കലരാത്ത ശുദ്ധവെള്ളമുള്ളതായി കണ്ടെത്തിയിട്ടുണ്ട്. പേർഷ്യൻ ഗൾഫ് കടലുകളിൽ ഇത്തരത്തിലുള്ള ധാരാളം ശുദ്ധജല ഉറവകൾ കണ്ടെത്തിയിട്ടുണ്ട്. അവ തമ്മിൽ കൂടിച്ചേരാതിരിക്ക മാറ് അജ്ഞാത തിരശ്ശീല അവക്കിടയിൽ നില നിൽക്കുന്നു.

അതുപോലെയാണ് തമ്മിൽ കൂടിച്ചേരാത്ത രണ്ടു സമുദ്രങ്ങളുടെ കാര്യം. അവ രണ്ടും വ്യത്യസ്ത ഊഷ്മാവും സാന്ദ്രതയും ഉള്ളവയായിരിക്കും. ഉദാഹരണം, മെഡിറ്ററേനിയൻ സമുദ്രവും അറ്റ്ലാന്റിക്ക് സമുദ്രവും. മെഡിറ്ററേനിയൻ സമുദ്രത്തിലെ ജലം താപം കൂടിയതും ഉപ്പുരസമുള്ളതും സാന്ദ്രത കുറഞ്ഞതുമാകുന്നു. അറ്റ്ലാന്റിക് സമുദ്രജലം അക്കാര്യങ്ങളിൽ അതിനെക്കാൾ താണ നിലവാരം പുലർത്തുന്നതാകുന്നു. മെഡിറ്ററേനിയൻ ജലം അറ്റ്ലാന്റിക് സമുദ്രത്തിലേക്ക് 1000 മീറ്ററോളം അടിയിലേക്ക് പ്രവേശിച്ച് 100 കണക്കിന് കി. മീറ്റർ മുന്നോട്ട് നീങ്ങുന്നു. ഈ സഞ്ചാരത്തിനിടയിലും രണ്ട് സമുദ്രങ്ങളിലെയും ജലം അവയുടെ തനത് സ്വഭാവം നിലനിർത്തുന്നതായാണ് കണ്ടിട്ടുള്ളത്. അവ തമ്മിൽ കൂടിച്ചേരുന്നില്ല.

സമുദ്രത്തിലെ ഉപ്പുരസമില്ലാത്ത ഉറവയുടെയോ നദീജലം സമുദ്രവുമായി കൂടിച്ചേരുന്ന ഭാഗത്തോ എത്തും തോറും സമുദ്രജലത്തിന്റെ എല്ലാ അംശവും നേർത്തില്ലാത്തെയാവുകയും ശുദ്ധജലവുമായി കൂടിച്ചേരും തോറും അതിന്റെ രുചി നഷ്ടപ്പെടുകയും ചെയ്യുന്നു എന്നതാണ് കാരണം. ഇതാണ് ആധുനികശാസ്ത്രനിഗമനം.അവയ്ക്കിടയിൽ സ്ഥാപിച്ച മറ നഗ്നനേത്രങ്ങൾക്കോ യന്ത്രസംവിധാനങ്ങൾക്കോ കാണാൻ സാധിക്കുന്നതല്ല. അത് സ്രഷ്ടാവിന്റെ പ്രത്യേക സംവിധാനമാകുന്നു.

സമുദ്രത്തിന്റെ ഉപ്പുരസത്തിനിടയിലെ രുചികരമായ തെളിനീരുകൾ വിസ്മയജനകമാണ്. മനുഷ്യൻ തന്റെ അലങ്കാരങ്ങൾക്കായി ഉപയോഗിക്കുന്ന മുത്തും പവിഴവും ലഭിക്കുന്നത് സമുദ്രത്തിലെ ശുദ്ധജലഉറവകൾക്കടുത്തുനിന്നാണെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്.

സമുദ്രത്തിൽ ഇങ്ങനെ കാണപ്പെടുന്ന ദ്വിജല വിസ്മയത്തെപ്പറ്റി Oceanography ഇന്നും ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാകുന്നു.

ദൈവം പറഞ്ഞു: രണ്ട് ജലാശയങ്ങളെ സ്വതന്ത്രമായി ഒഴുകാൻ വിട്ടവനാകുന്നു അവൻ. ഒന്ന് സ്വഛമായ ശുദ്ധജലം. മറ്റൊന്ന് അരോചകമായി തോന്നുന്ന ഉപ്പുവെള്ളവും. അവ രണ്ടിനുമിടയിൽ ഒരു മറയും ശക്തിയായ ഒരു തടസ്സവും അവൻ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. (ഖുർആൻ: 25: 53)

**അബ്ദുൽ ജലീൽ താഴശ്ശേരി**
info@vazhi.org - jthrees@hotmail.com